## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പാലക്കാട് ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സൈലാബ്ദീൻ എം-ന് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ അനുഭവിക്കാത്ത ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.365/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,29/1/2016

---

പരാമർശം: 1. സ.ഉ(സാധാ) നം. 190/2005/ തസ്വഭവ തീയതി 15.01.2005

2. ശ്രീ സൈലാബ്ദീൻ എം-ന്റെ 03.08.2015 ലെ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2015 ലെ ഇ 6-32075/2015 നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സൈലാബ്ദീൻ എം-ന് പരാമർശം 1 പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലിക്കായി KSR part I, Appendix XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു. ടിയാൻ 17.02.2005 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 17.08.2006 ൽ കണ്ണാടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. തുടർന്ന് പരാമർശം 2 പ്രകാരം ടിയാൻ അനുഭവിക്കാത്ത ശൂന്യവേതനാവധിക്കാലയളവ് റദ്ദ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ സൈലാബ്ദീൻ എം-ന്റെ അപേക്ഷയും പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത 17.08.2006 മുതൽ 16.02.2010 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീകല സി.എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വട്ടംകുളം ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ സൈലാബ്ദീൻ എം, ക്ലാർക്ക്,വട്ടംകുളം ഗ്രാമപഞ്ചായത്ത്, പാലക്കാട്
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ